(ഡി) ഇപ്പോൾ പരിഗണനയിലില്ല.

21 (1659) സ്ത്രീകളുടെ നാടക ശിൽപശാല

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഗീത നാടക അക്കാദമി തൃശ്ശൂരിൽ വച്ച് നടത്തിയ സ്ത്രീകളുടെ നാടക ശിൽപശാല വിജയകരമായിരുന്നോ;

(ബി) ഈ ശിൽപശാലകൊണ്ട് ഉദ്ദേശിച്ചിരുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ശിൽപശാലയിൽ എത്ര വനിതാ നാടക പ്രവർത്തകർ പങ്കെടുത്തു; അവരുടെ പേരും സംസ്ഥാനവും വ്യക്തമാക്കുമോ;

(ഡി) ഇവരുടെ നാടകരംഗത്തെ സംഭാവനകൾ എന്തെല്ലാം;

(ഇ) ശിൽപശാലയിലേക്ക് പ്രതിനിധികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ;

(എഫ്) ഇവിടെ അവതരിപ്പിച്ച നാടകങ്ങളെ സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ജി) ശില്പശാലയിൽ കേരളത്തിന് വെളിയിൽ നിന്ന് എത്ര നാടക ഗ്രൂപ്പുകൾ പങ്കെടുത്തു; അവർ എത്ര നാടകങ്ങൾ അവതരിപ്പിച്ചു. നാടകത്തിന്റെ പേരും, ഗ്രൂപ്പിന്റെ പേരും വ്യക്തമാക്കുമോ;

(എച്ച്) സംസ്ഥാനത്തിന് പുറത്തുനിന്ന് വന്ന നാടക സംഘങ്ങൾക്ക് എത്ര സംഖ്യയാണ് നൽകിയത്;

(ഐ) പഴയകാല നടികളെ ആദരിച്ച ചടങ്ങിൽ പങ്കെടുത്തവർ ആരെല്ലാം;

(ജെ) പ്രശസ്ത കലാകാരിയായ ശ്രീമതി വിജയകുമാരിയെ (കാളിദാസ കലാകേന്ദ്രം) ക്ഷണിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ;

(കെ) പരിപാടിയുടെ നടത്തിപ്പിന് ഏതൊക്കെ സംഘടനകളാണ് സംഘാടകരായി ഉണ്ടായിരുന്നത്;

(എൽ) ഇവർ എത്ര സംഖ്യ അക്കാദമിക്ക് നൽകിയിരുന്നു; ഈ നാടക പണിപ്പുരയ്ക്ക് ആകെ വന്ന ചെലവ് എത്ര എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിജയമായിരുന്നു.

(ബി) സാഹിത്യത്തിലും കലയിലും പ്രധാനമായി കൈകാര്യം ചെയ്യുവുന്ന ഒരു വിഷയമാണ് സ്ത്രീകളുടെ പ്രശ്നങ്ങൾ. അരങ്ങിലെ സ്ത്രീ സാന്നിദ്ധ്യം, എങ്ങനെ അരങ്ങിനു കരുത്തേകുന്നു എന്ന് അന്വേഷിക്കുക, മലയാള നാടകത്തിൽ സ്ത്രീ സാന്നിദ്ധ്യം ദുർബലമായി പോകുന്നതെന്തുകൊണ്ടാണ് എന്ന് അന്വേഷിക്കുക. മലയാള നാടക വേദിക്ക് ഒരു പുതിയ ഉണർവേകുക, ഇന്ത്യയിലെ പ്രഗത്ഭരായ സ്ത്രീ സംവിധായകരെ മലയാള നാടകവേദിക്കു പരിചയപ്പെടുത്തുക എന്നിവയാണ് ഈ ശില്പശാലകൊണ്ട് ഉദ്ദേശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നൂറു കണക്കിന് നാടക പ്രവർത്തകർ പങ്കെടുത്തതിൽ പ്രഗത്ഭരായ ചിലരുടെ പേരുവിവരങ്ങൾ ചേർക്കുന്നു.

ശ്രീമതി നീലം മാൻസിംഗ് ചൗധരി	- പഞ്ചാബ്
ശ്രീമതി അനുരാധാ കപൂർ	- ഡൽഹി
ശ്രീമതി ഉഷാഗാംഗുലി	- ബംഗാൾ
ശ്രീമതി വിഭാമിശ്ര	- മദ്ധ്യപ്രദേശ്
ശ്രീമതി മങ്കെ	- തമിഴ്നാട്
ശ്രീമതി മായകൃഷ്ണറാവു	- ഡൽഹി
ശ്രീമതി ശ്രീലത	- കേരളം
ശ്രീമതി സി.എസ്. ചന്ദ്രിക	- കേരളം
ശ്രീമതി ശൈലജ	- കേരളം
ശ്രീമതി സജിത	- ഡൽഹി
ശ്രീമതി സുലേഖ അല്ലാനാ	- ഡൽഹി
ശ്രീമതി മായാതൻബർഗ്	- സ്വിറ്റ്സർലന്റ്
മിസ് വ്യംഗിയ നോകാനപ്യുഗോ	- മെക്സിക്കോ
ശ്രീമതി കലാമണ്ഡലം ശൈലജ	- കേരളം
ശ്രീമതി ചന്ദ്രലേഖ	- തമിഴ്നാട്
ശ്രീമതി ഡയാനഡൊറോത്തി	- അമേരിക്ക

(ഡി) ഇവരെല്ലാം പ്രശസ്ത സ്ത്രീ നാടക സംവിധായകരും നടിമാരും ടെക്നീഷ്യന്മാരുമാണ്. ഇവരുടെ നാടകങ്ങൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ലോകത്തിലെ പല രാജ്യങ്ങളിലും അവതരിപ്പിച്ചിട്ടുണ്ട്. ഇപ്പോഴും ഇവർ സജീവമായി നാടകരംഗത്തുണ്ട്.

(ഇ) പത്രങ്ങൾ വഴി നാടകരംഗത്തു പ്രവർത്തിക്കുന്നവരും നാടകത്തിൽ അഭിരുചിയുള്ളവരുമായ 15 വയസ്സിനും 30 വയസ്സിനും ഇടയ്ക്ക് പ്രായപരിധിയിൽ വരുന്ന സ്ത്രീകളിൽ നിന്ന് അവരുടെ ബയോഡാറ്റ സഹിതം അപേക്ഷ ക്ഷണിക്കുകയും ആ അപേക്ഷകൾ പരിശോധിച്ചതിനുശേഷവുമാണ് ക്യാമ്പ് അംഗങ്ങളെ തിരഞ്ഞെടുത്തത്.

(എഫ്) കേന്ദ്ര സംഗീത നാടക അക്കാദമി സെക്രട്ടറി ശ്രീമതി സർബാരി മുഖർജി, പ്രശസ്ത സ്ത്രീ തീയേറ്റർ പ്രവർത്തക ചന്ദ്രലേഖ, കലാനിരൂപകൻ സദാനന്ദമേനോൻ തുടങ്ങിയവരുമായി ചർച്ചചെയ്തിട്ടാണ് നാടകങ്ങൾ തെരഞ്ഞെടുത്തത്. തീയേറ്ററുമായി ബന്ധപ്പെട്ട മറ്റു കേന്ദ്രങ്ങളിൽ നിന്നും നാഷണൽ സ്കൂൾ ഓഫ് ഡ്രാമ മുതലായവയിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(ജി) 10 ട്രൂപ്പുകൾ പങ്കെടുത്തു. 12 നാടകങ്ങൾ അവതരിപ്പിച്ചു. ട്രൂപ്പുകളുടെ പേരും അവർ അവതരിപ്പിച്ച നാടകങ്ങളുടെ പേരും താഴെ കൊടുക്കുന്നു.

ദി കമ്പനി ചണ്ഡീഗഡ്	-	ഫിദ
ദി തിങ്കിംഗ് തിയേറ്റർ	-	മീഡിയ
വോയ്സിംഗ് സൈലൻസ്	-	അവൈവ ഇന്നെ

LIBRARY ARCHIVES Kerala Legislative Assembly

സാപ്റ്റിസ്റ്റ് പോണ്ടിച്ചേരി	-	വിടുമ്പ്
ദിസാന്തർ ന്യൂഡൽഹി	-	സുന്ദരി ഒരു നടൻ ഒരുങ്ങുന്നു.
രംഗമണ്ഡൽ ഭോപ്പാൽ	-	ഏക് പരികഥാഔർ
രംഗകർമ്മി കൽക്കത്ത	-	വാമ
	-	ഹിമ്മത്തമായ്
	-	മയ്യത്ത്
വിസ്മയ ന്യൂദൽഹി	-	മോൻദേ
യുഗാനിയോകാനപ്യൂറോ എക്സ്പിരിമെന്റൽ	-	സ്പൈഡേഴ്സ് ഡ്രീം
തിയേറ്റർ ഡൽഹി	-	ബ്യൂട്ടിപാർലർ

(എച്ച്) സംസ്ഥാനത്തിന് പുറത്തുനിന്നും വന്ന എല്ലാ നാടകസംഘങ്ങൾക്കുമായി ആകെ 2,86,923 രൂപ (യാത്രാചെലവ് ഉൾപ്പെടെ) പ്രതിഫലമായി നൽകുകയുണ്ടായി.

(ഐ) 1. ശ്രീമതി കെ.പി.എ.സി. സുലോചന
2. ശ്രീമതി കുട്ട്യേടത്തി വിലാസിനി
3. ശ്രീമതി മേദിനി
4. ശ്രീമതി വിജയലക്ഷ്മി
5. ശ്രീമതി മുരളി ടീച്ചർ
6. ശ്രീമതി പി.സി. ദേവകി ടീച്ചർ
7. ശ്രീമതി ബിയാട്രിസ് അലക്സ്

(ജെ) ശ്രീമതി വിജയകുമാരിയെ ക്ഷണിച്ചുകൊണ്ട് കത്തയച്ചിരുന്നു. എന്നാൽ പ്രസ്തുത ചടങ്ങിൽ അവർ പങ്കെടുത്തില്ല.

(കെ) സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ അക്കാദമിയുമായി സഹകരിച്ചിരുന്നു.

(എൽ) സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ 50,000/- രൂപ നൽകിയിട്ടുണ്ട്. സ്ത്രീ നാടക പണിപ്പുരയ്ക്ക് ആകെ 15 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്.

22 (1663) സി-ഡിറ്റിൽ അനുവദിച്ച പ്രൊഫഷണൽ കോളേജിന്റെ പ്രവർത്തനങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ സി-ഡിറ്റിന് അനുവദിച്ച പ്രൊഫഷണൽ കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ:

(ബി) ഈ സ്ഥാപനം നടത്തുന്ന കോളേജിന്റെ ഘടന, കോഴ്സുകൾ തുടങ്ങിയവയെപ്പറ്റിയുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly